# 42

# അവസാന-നിമിഷ തയ്യാറെടുപ്പുകൾ (16:21-28)

താൻ മശിഹയും ദൈവ പുത്രനും ആണെന്ന് യേശു പറഞ്ഞത് മനസിലാക്കുവാൻ ശിഷ്യന്മാർക്ക് അപ്പോഴും ദീർഘദൂരം സഞ്ചരിക്കേണ്ടിയിരുന്നു. ഇപ്പോൾ അവൻ അവരെ കൂടുതൽ ഉപദേശിക്കുവാൻ തുടങ്ങുകയും താൻ മരിക്കേണമെന്നു പറയുകയും ചെയ്തു.

### ആസന്നമായ ക്രൂശും വരുവാനുള്ള അവന്റെ മരണവും യേശു ആദ്യമായി പ്രഖ്യാപിക്കുന്നു (16:21-23)

**21അന്നുമുതൽ യേശു താൻ യെരുശലേമിൽ ചെന്നിട്ടു, മൂപ്പന്മാർ, മഹാപു
രോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടു
കയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണ്ടതു എന്നു ശിഷ്യന്മാ
രോടു പ്രസ്താവിച്ചു തുടങ്ങി. 22പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോ
യി: "കർത്താവേ, അതു അരുതേ; നിനക്കു അങ്ങനെ ഭവിക്കരുതേ" എന്നു
ശാസിച്ചു തുടങ്ങി. 23അവനോ തിരിഞ്ഞു പത്രോസിനോടു: "സാത്താനേ,
എന്നെ വിട്ടുപോ; നീ എനിക്കു ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനു
ഷ്യരുടേതത്രേ കരുതുന്നതു എന്നു പറഞ്ഞു."**

**വാക്യം 21. അന്നുമുതൽ** (4:17 നോക്കുക) എന്നത് യേശുവിന്റെ ശുശ്രൂഷയിലെ ഒരു പുതിയ പ്രയോഗമാണ്. അവന്റെ ഗലീലയിലെ പ്രവൃത്തി അവസാനത്തോടടുത്തപ്പോൾ, അവൻ യെരുശലേമിലേക്കു തന്റെ ശ്രദ്ധ തിരിച്ചു (19:1 നോക്കുക). ഗോൽഗോഥയുടെ നിഴൽ ഇപ്പോൾ അവനെ പിടിച്ചിരിക്കുന്നു. ഉല്പത്തി 3:15 മുതൽ തിരുവെഴുത്തിൽ ഈ നാടകീയ സംഭവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അവൻ തന്റെ മുഖം യെരുശലേമിലേക്ക് തിരിക്കുകയും, പിന്നെ പുറംതിരിയാതിരിക്കുകയും ചെയ്തു. തനിക്കു ശേഷം ലോകത്തിലേക്ക് രക്ഷാ സന്ദേശം എടുക്കുവാനിരിക്കുന്നവർ ഇപ്പോഴും ആത്മീയ മനസിലാക്കലിൽ അപക്വമാണെന്ന് അവൻ അറിഞ്ഞിരുന്നു. അവന് അവരെ ഉപദേശിപ്പാൻ ധാരാളം ഉണ്ടായിരുന്നു എങ്കിലും സമയം ചുരുക്കമായിരുന്നു.

**താൻ യെരൂശലേമിലേക്കു പോകുകയും അനേക കഷ്ടങ്ങൾ സഹിക്കയും വേണമെന്ന് യേശു ശിഷ്യന്മാരെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുവാൻ തുടങ്ങി.** 16:1-ൽ, ശാസ്ത്രിമാരും പരീശന്മാരും അവനോട് ഒരു അടയാളം "കാണിക്കുവാൻ" (*എപ്പിഡെയ്ക്നുമി*) ആവശ്യപ്പെട്ടു, എന്നാൽ അവൻ അതു ചെയ്തില്ല. ഇവിടെ യേശു ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങളെയാണ് ശിഷ്യന്മാരെ "കാണിക്കുവാൻ" (*എപ്പിഡെയ്ക്നുമി*) തുടങ്ങിയത്. അവരുടെ ക്രിസ്തുവുമായിട്ടുള്ള ബന്ധമാണ് അവർക്ക് വെളിപ്പാട് ലഭിപ്പാൻ

കാരണമായത് (13:11).[1] "മസ്റ്റ്" (*ഡെയി*) എന്നത് ദൈവീക ആവശ്യത്തെയാണ് സൂചിപ്പിക്കുന്നത്; അവൻ കഷ്ടത ഏൽക്കണമെന്നത് ദൈവേഷ്ടമായിരുന്നു (26:39, 42; പ്രവൃ. 2:23).

കർത്താവിന്റെ കഷ്ടതക്ക് തുടക്കമിടുന്നത് **ശാസ്ത്രിമാരും പരീശന്മാരും മൂപ്പന്മാരുമായിരുന്നു.** "മൂപ്പന്മാർ" അവരുടെ ജ്ഞാനവും അനുഭവവും പ്രസിദ്ധമായിരുന്നതിനാൽ അവർ ബഹുമാനിക്കപ്പെട്ടിരുന്നു. "മഹാപുരോഹിതന്മാർ" പ്രഭുജന വാഴ്ച്ചയിലെ അംഗങ്ങളായിരുന്നു, അവർ സാധാരണ സദൂക്യരുമായി സഖ്യതയിലുമായിരുന്നു. "ശാസ്ത്രിമാർ" അല്ലെങ്കിൽ "ന്യായപ്രമാണ ഉപദേഷ്ടാക്കന്മാർ" (എൻഐവി) വിദ്യാസമ്പന്നരായ റബ്ബിമാരായിരുന്നു; അവർ പ്രത്യേകമായി പരീശന്മാർ ആയിരുന്നു. യെരുശലേമിലെ യെഹൂദ ന്യായാധിപ സഭയെ, മൂന്ന് തരത്തിൽ ഉള്ള വിവരണത്താൽ അറിയപ്പെട്ടിരുന്നു. ആദ്യമായി യേശുവിനെ ആദരിക്കുവാനും ആരാധിക്കുവാനും കടപ്പെട്ടവർ തന്നെയാണ് അവനെ ഉപദ്രവിക്കുവാനും, അവന്റെ മരണത്തിനായി മുറവിളികൂട്ടിയതും![2]

താൻ **കൊല്ലപ്പെടുമെന്ന്** ക്രിസ്തു പ്രത്യേകമായി പ്രവചിച്ചിരുന്നു. ആ രീതിയിലുള്ള മരണത്തെ അവൻ സൂചിപ്പിച്ചിരുന്നു (9:15; 12:39, 40; യോഹ 2:19; 3:14; 6:51), എന്നാൽ അതിനെ സംബന്ധിച്ചുള്ള വ്യക്തമായ പ്രസ്താവനയായിരുന്നു ഇത് (17:22, 23; 20:17-19; 26:2). മർക്കോസിലെ സമാന്തര വേദഭാഗം പറയുന്നു "അവൻ കാര്യങ്ങൾ തുറന്നു പറയുകയായിരുന്നു" (മർ. 8:32). ഈ മുന്നറിയിപ്പിൽ യേശു തന്റെ മരണത്തെക്കുറിച്ച് വ്യക്തമായി മുന്നറിയിച്ചില്ലെങ്കിലും, അത് 16:24-ൽ അന്തർലീനമാക്കി. പിന്നീടുള്ള മറ്റൊരു മുന്നറിയിപ്പിൽ മരണം ക്രൂശിൽ തന്നെയായിരിക്കുമെന്നു യേശു വ്യക്തമാക്കി (20:17-19). പഴയനിയമ പ്രവചനത്തിൽനിന്ന് അവൻ ഒരുപക്ഷെ ഇത് മുൻപ് അറിഞ്ഞിരിക്കാം (സങ്കീ 22:16-18; യെശ 53:1-12).

**താൻ മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുമെന്നും** യേശു അവരോടു പറഞ്ഞു. ദൈവം "[അവന്റെ] പ്രാണനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല; [അവന്റെ] ജഡം ദ്രവത്വം കാണ്മാൻ അനുവദിച്ചതുമില്ല" (പ്രവൃ. 2:27) "മൂന്നാം നാളിലെ" ക്രിസ്തുവിന്റെ ഉയിർപ്പ്- "മൂന്നാം നാളിനു ശേഷം" എന്ന എബ്രായ പ്രയോഗത്തിനു തുല്യമാണ്-അത് തിരുവെഴുത്തിന്റെ തുടർച്ചയായ സാക്ഷ്യമാണ്.[3] അവന്റെ താല്പര്യമുള്ള മുന്നറിവു, തന്റെ ശിഷ്യന്മാർക്ക് പലപ്പോഴായി വെളിപ്പെടുത്തിക്കൊടുത്ത്, അവരുടെ വിശ്വാസത്തെ ബലപ്പെടുത്തി ജീവിതത്തിലേക്ക് തിരികെ കൊണ്ടു വന്നു (ലൂക്കൊ. 24:44-49; യോഹ. 14:29; 16:1, 4, 33).

**വാക്യം 22.** യേശു ക്രിസ്തുവാണെന്നു പത്രൊസ് ഏറ്റു പറഞ്ഞ് (16:16) അധികം കഴിയുന്നതിനു മുൻപ്, താൻ മരിക്കുമെന്ന യേശുവിന്റെ പ്രസ്താവന ശിഷ്യന്മാരെ ഞെട്ടിച്ചു. **പത്രൊസ് യേശുവിനെ മാറ്റി നിർത്തി അവനെ ശാസിച്ചു.** പത്രൊസിന്റെ പ്രവൃത്തി അസാധാരണമായിരുന്നു എന്നത് തീർച്ചയാണ്. ഒരു ശിഷ്യൻ ഗുരുവിനെ തിരുത്തുന്നത് പതിവില്ലാത്തതായിരുന്നു, "ശാസിക്കുന്നതു" ഒട്ടും പതിവില്ലായിരുന്നു.[4] പത്രൊസ് നിർബ്ബന്ധിച്ച് പറഞ്ഞു, "**കർത്താവേ, അത് അരുതേ, നിനക്ക് അങ്ങനെ ഭവിക്കരുതേ.**" ഒന്നാം നൂറ്റാണ്ടിലെ യെഹൂദ പ്രതീക്ഷക്ക് നേരെ വിപരീതമായിരുന്നു മശിഹ കഷ്ടമനുഭവിക്കുക എന്നത് (1 കൊ. 1:23). മശിഹ അവരെ ശത്രുക്കളിൽനിന്നു വിടുവിക്കയും, യിസ്രായേലിലുള്ളവരെ നീതിയോടെ വിധിക്കുകയും ചെയ്യുമെന്നതായിരുന്നു

അവരുടെ പ്രതീക്ഷ. അവൻ മരിക്കുവാൻ പോകുന്നില്ല എന്നതായിരുന്നു അവരുടെ ചിന്ത.[5] എന്നിരുന്നാലും, കർത്താവിന്റെ മരണത്തെ തടയാമെന്ന് വിചാരിച്ച പത്രൊസ് എത്ര വിഡ്ഢിയായിരുന്നു.

**വാക്യം 23.** രേഖപ്പെടുത്തിയിരിക്കുന്നതിൽ വെച്ച് ഏറ്റവും ശക്തമായ ശാസനയായിരുന്നു യേശു **പത്രൊസിനു നൽകിയത്, "സാത്താനേ, എന്നെ വിട്ടു പോ!"** അവൻ, പിന്നീട് യേശുവിനെ, മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞപ്പോൾ, "കോതമ്പ് പാറ്റുന്നതു പോലെ [അവനെ] പാറ്റുവാൻ" പത്രൊസ് സാത്താനെ തന്റെ ഹൃദയത്തിലേക്ക് ക്ഷണിക്കുകയായിരുന്നു (ലൂക്കൊ 22:31). "ക്രൂശിനെ സഹിക്കാതെ കിരീടം നേടുവാൻ"[6] പിശാച് യേശുവിനെ പരീക്ഷിക്കുവാൻ പത്രൊസിനെ ഉപയോഗിക്കുകയായിരുന്നു (4:8-10 ന്റെ പരാമർശം നോക്കുക). ഒരാൾ ദൈവേഷ്ടത്തിന് വിപരീതമായി നിൽക്കുമ്പോൾ, അവൻ സാത്താന്റെ വശത്തായി തീരുകയും-സാത്താന്റെ പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യും.[7]

വാക്യം 17 ലും 23 ലും ശക്തമായ ഒരു അന്തരം കാണാം, ക്രിസ്തുവിനെ ഏറ്റു പറഞ്ഞപ്പോൾ, വാക്യം 17-ൽ, അവൻ പത്രൊസിനെ അനുഗ്രഹിച്ചു പറഞ്ഞു, സ്വർഗസ്ഥനായ പിതാവാണ് അതു വെളിപ്പെടുത്തി കൊടുത്തത്. വാക്യം 23 ലെ പത്രൊസിന്റെ ശാസന പിശാചിന്റെ പ്രേരണയായിരുന്നു.

"സാത്താനേ, എന്നെ വിട്ടു പോ" എന്നത് "സാത്താനേ, എന്നെ വിട്ടു പോകുക" എന്നു 4:10-ൽ പറഞ്ഞതുപോലെയാണ്. എങ്ങനെയായാലും തന്റെ മരുഭൂമിയിലെ പരീക്ഷണത്തിൽ, യേശു പിശാചിനോട് തന്റെ സന്നിധി വിട്ടുപോകുവാനാണ് പറഞ്ഞതെങ്കിൽ, ഇവിടെ തന്റെ ക്രൂശിലേക്കുള്ള വഴിയിൽ തടസമാകാതെ, ശിഷ്യന്റെ പങ്ക് നിർവ്വഹിപ്പാൻ ഒരുങ്ങിക്കൊൾക എന്നതായിരുന്നു യേശു അവനോട് പറഞ്ഞതിന്റെ അർത്ഥം.[8]

തന്റെ എതിർപ്പിനാൽ, പത്രൊസ് യേശുവിനു **ഇടർച്ചയാവുകയായിരുന്നു**. പത്രൊസ് എന്ന "കല്ല്" ഇപ്പോൾ ഒരു ഇടർച്ചക്കല്ലായി തീർന്നു. പത്രൊസ് യേശുവിന്റെ പുറകിലേക്ക് മാറിയിരുന്നെങ്കിൽ, അവൻ യേശുവിന്റെ ക്രൂശിലേക്കുള്ള യാത്രക്ക് തടസമാകുമായിരുന്നില്ല.

യേശു പത്രൊസിനോട് പറഞ്ഞു, "**നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേ തത്രെ കരുതുന്നത്.**" അപ്പൊസ്തലൻ ആത്മിയമായിട്ടല്ല, പ്രാകൃതമായിട്ടായിരുന്നു ചിന്തിച്ചത്. യേശുവിനെ അവൻ മശിഹയായി ഏറ്റു പറഞ്ഞിരുന്നു എങ്കിലും, യേശുവിനെ അവൻ മനസിലാക്കിയത് മറ്റൊരു അർത്ഥത്തിലായിരുന്നു. വാക്യം 17-ൽ "ജഡരക്തവും" (മർത്യ മനുഷ്യൻ) "സ്വർഗസ്ഥ പിതാവും" തമ്മിലുള്ള ഒരു ശക്തമായ അന്തരം വ്യക്തമാക്കിയിരിക്കുന്നു. ഇവിടെ "ദൈവത്തിന്റെ താൽപര്യവും" "മനുഷ്യരുടേതും" തമ്മിലുള്ള അന്തരം എടുത്തു കാണിച്ചിരിക്കുന്നു.

## ശിഷ്യത്വത്തിന്റെ വില യേശു പ്രഖ്യാപിച്ചു (16:24-27)

**[24]പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞത്, "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. [25]ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ,**

**അതിനെ കണ്ടെത്തും. [26]ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും? [27]മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും. അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകും."**

**വാക്യം 24.** ശിഷ്യന്മാരെ അവർ സഹിക്കേണ്ട ത്യാഗത്തിനു തയ്യാറെടുപ്പിക്കുവാൻ, **യേശു** അവരെ ശരിയായ ശിഷ്യത്വത്തിന്റെ അർത്ഥമെന്തെന്ന് പഠിപ്പിച്ചു. ശരിയായ ശിഷ്യനാകുവാൻ, ഒരാൾ **തന്നെത്താൻ ത്യജിക്കണം.** "ത്യജിക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*അപെർണയോമായി*) അർത്ഥം, "തന്നെത്താൽ പൂർണ്ണമായി ഒഴിക്കുക," അല്ലെങ്കിൽ "മറ്റൊരാളിൽനിന്ന് വേർപെടുക" എന്നാണ്. പത്രൊസ് തന്നെ തള്ളിപ്പറയുമെന്ന് കാണിക്കുവാൻ യേശു പിന്നീട് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (26:34, 35, 75). *അപെർണെയോമായി* യുടെ മറ്റൊരു നിർവ്വചനം, "തികച്ചും സ്വാർത്ഥ രഹിതമായി പ്രവർത്തിക്കൽ." ആ വാക്ക് ജീവിതത്തിൽ രണ്ട് തിരഞ്ഞെടുപ്പുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്: ഒന്നുകിൽ നാം നമ്മെത്തന്നെ ത്യജിക്കും അല്ലെങ്കിൽ, തന്നെ-ത്താൻ ത്യജിക്കുവാൻ പറഞ്ഞ യേശുവിനെ ത്യജിക്കും.[9]

കൂടാതെ, വാസ്തവത്തിലുള്ള ഒരു ശിഷ്യനാകുവാൻ, ഒരാൾ **തന്റെ ക്രൂശ് എടുത്ത്** (10:38 നോക്കുക) യേശുവിനെ അനുഗമിക്കണം. "ദിനന്തോറും" എന്ന വാക്കുകൂടെ ലൂക്കൊസ് ചേർത്തിരിക്കുന്നു (ലൂക്കൊ 9:23). യേശുവിന്റെ കാലത്ത് ആഭരണത്തോടുകൂടി ധരിക്കേണ്ട ഒന്നായിരുന്നില്ല ക്രൂശ്, മറിച്ച് ദണ്ഡനത്തിനായിരുന്നു ഉപയോഗിച്ചത്. ക്രൂശിൽ തറെക്കൽ പുരാതനലോകത്തെ ഏറ്റവും വേദനിപ്പിക്കുന്നതും, തരംതാഴ്ത്തുന്നതും, ഭീഷണിപ്പെടുത്തുന്നതുമായ മരണശിക്ഷയായിരുന്നു. തങ്ങളോട് മൽസരിക്കുന്ന പ്രജകളോട് വ്യത്യസ്തമായ ശിക്ഷ നടപ്പാക്കുവാനായിരുന്നു അത് ഉപയോഗിച്ചിരുന്നത്. ക്രൂരമായ കുറ്റകൃത്യം ചെയ്തവരെ വലിയ ക്രൂശ് രൂപത്തിലുള്ള തടി (*പാറ്റിബുലം*) ചുമപ്പിച്ചാണ് ക്രൂശിൽ തറെക്കുവാൻ കൊണ്ടുപോയിരുന്നത് (യോഹ 19:17).[10] അവർ ഭാരമുള്ള ക്രൂശ് വഹിക്കുക മാത്രമല്ല, കൊണ്ടുപോകുന്ന വഴിക്ക് കാണുന്നവർ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്തിരുന്നതും സഹിക്കണമായിരുന്നു.

അവന്റെ നാമം നിമിത്തം അവർ കഷ്ടതയും ലജ്ജയും അനുഭവിക്കയും ചിലപ്പോൾ മരിക്കയും വേണ്ടി വരുമെന്നാണ് **യേശു തന്റെ ശിഷ്യന്മാരോട്** പറഞ്ഞത്. ക്രൂശിൽ മരിക്കുവാൻ യെരൂശലേമിലേക്ക് ക്രൂശിക്കപ്പെടുവാൻ പോകുന്ന യേശുവാണ് **തന്നെ അനുഗമിക്ക** എന്നു കൽപിച്ചത്. ഒരുപക്ഷെ യേശു പത്രൊസിനോട് എന്നെ വിട്ടുപോ എന്നു പറഞ്ഞത് യാദൃശ്ചികമായിട്ടായിരിക്കാം.

തീർച്ചയായും, അവരിൽ ആരും കഷ്ടപ്പെടരുത് എന്നാണ് പത്രൊസ് വിചാരിച്ചത്. പത്രൊസിന് തെറ്റു പറ്റി! പിന്നീട് യേശു, എങ്ങനെ മരിക്കുമെന്ന് അവനോട് പറഞ്ഞു-ക്രൂശിൽ തറെക്കപ്പെട്ട് (യോഹ 21:18, 19). യേശുവിനെ ക്രൂശിൽ തറെച്ച വിധത്തിൽ തന്നെ ക്രൂശിൽ തറെക്കരുതെന്നും അതിനുള്ള യോഗ്യത തനിക്കില്ല എന്നും പത്രൊസ് ഒടുവിൽ പറഞ്ഞതായി പാരമ്പര്യം പറയുന്നു.[11] ആ പുരുഷന്മാരെല്ലാവരും ക്രമേണ കഷ്ടത സഹിക്കേണ്ടവരായിരു

ന്നു.[12] യാക്കൊബിന്റേയും യോഹന്നാന്റേയും അമ്മ യേശുവിന്റെ അടുക്കൽ വന്ന്, രാജ്യത്തിൽ ഒരാളെ ക്രിസ്തുവിന്റെ വലത്തും മറ്റൊരാളെ ഇടത്തും ഇരുത്തുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. അവൻ കുടിക്കുവാനിരിക്കുന്ന പാനപാത്രം അവർ കുടിക്കണമെന്നു പറഞ്ഞു. അതിനർത്ഥം അവൻ അനുഭവിക്കുവാനിരിക്കുന്ന കഷ്ടതയും മരണവും അവരും അനുഭവിക്കണം എന്നാണ് (20:23). പാരമ്പര്യം പറയുന്നതനുസരിച്ച്, വിശ്വസ്തരായ അപ്പൊസ്തലന്മാരിൽ ഒരാൾ ഒഴിച്ച് മറ്റെല്ലാവരും രക്തസാക്ഷിത്വം വരിച്ചു. എന്നാൽ യോഹന്നാനെ ദണ്ഡിപ്പിക്കുകയും നാടുകടത്തുകയുമായിരുന്നു (വെളി. 1:9).

**വാക്യം 25.** ക്രിസ്തുവിന്റെ നാമം നിമിത്തം ജീവനെ കളയുക എന്നതാണ് ക്രൂശ് എടുക്കുക എന്നതിനർത്ഥം. യേശു പറഞ്ഞു, **"ഒരുത്തൻ തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, അതിനെ കളയും; എന്നാൽ ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ, അതിനെ കണ്ടെത്തും"** (10:39 നോക്കുക).[13] ഒരാളുടെ ജീവൻ രക്ഷിക്കുക എന്നാൽ ഒരാൾക്ക് വേണ്ടി മാത്രം ജീവിക്കുക എന്നാണ് അർത്ഥം. പ്രത്യേകമായി റോബർട്ട് എച്ച്.ഗൺഡ്രി പറഞ്ഞു, "ഭൗതികമായ ജീവരക്ഷക്കായി, ഉപദ്രവത്തെ ഭയന്ന് ശിഷ്യത്വത്തെ നിരാകരിക്കുന്ന ആൾ നഷ്ടമാക്കുന്നത് നിത്യ ജീവനാണ്."[14] ഈ വാക്യത്തിൽ പറയുന്ന "ജീവൻ" ഒന്നുകിൽ താൽക്കാലിക ജീവൻ അല്ലെങ്കിൽ നിത്യജീവൻ ആണ്.[15] യേശു ചോദിച്ചു, "നിങ്ങൾ ഏത് തിരഞ്ഞെടുക്കും?"

**വാക്യം 26.** അടുത്തതായി, കർത്താവ് ചോദിച്ചു, **"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?"** "ജീവൻ" എന്ന വാക്കും (16:25) "പ്രാണൻ" എന്നതും ഒരേ ഗ്രീക്ക് വാക്കിൽനിന്നു വന്നതാണ് (*സൂക്കേ*). ഗ്രീക്കിലോ മറ്റു ഭാഷകളിലോ, "ആത്മാവും" "ജീവനും" തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നില്ല. ഒരു വാക്കു തന്നെ രണ്ട് ആശയങ്ങളെയും ബോധ്യമാക്കുന്നു.[16] ഈ സന്ദർഭത്തിൽ, "ആത്മാവ്" എന്ന വാക്ക് പൊതുവായിട്ടാണ് തർജിമ ചെയ്തിരിക്കുന്നത്.

ഒരാൾക്ക് ഈ ലോകത്തിലുള്ള എല്ലാ സമ്പാദ്യങ്ങളും നേടുവാൻ കഴിഞ്ഞേക്കാം, എന്നാൽ ആത്മാവിനെ നഷ്ടപ്പെടുത്തിയാലോ? എല്ലാ ഭൗതിക സമ്പാദ്യങ്ങളും താൽക്കാലികമാണ് (6:19–21). ആത്മാവിനെ നഷ്ടപ്പെടുത്തി എന്തു നേടിയാലും അത് ഭോഷത്വപരമായ സമ്പാദ്യമായിരിക്കും (19:16–22; ലൂക്കൊ. 12:16–21; 16:19–31). ഭാഗ്യം വാങ്ങുവാനും നഷ്ടമാകുവാനുമിടയുണ്ട്, എന്നാൽ ഒരാൾക്ക് ഒരാത്മാവ് മാത്രമാണുള്ളത്. സ്വർഗത്തിൽ നിക്ഷേപിക്കുന്നത് എന്നേക്കുമുള്ള സമ്പാദ്യമാണ്. ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ, പിന്നെ അതു "കൈമാറുവാനോ" (*ആന്റല്ലാഗ്മാ*) അല്ലെങ്കിൽ "മടക്കി വാങ്ങുവാനോ" കഴിയുകയില്ല.

**വാക്യം 27.** തന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ എന്തുകൊണ്ട് തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുക്കണം എന്നത് അവൻ തുടർച്ചയായി വിവരിക്കുന്നു: **"മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും. അപ്പോൾ അവൻ ഓരോരുത്തന്നു താന്താന്റെ പ്രവൃത്തികൾക്ക് തക്കവണ്ണം പകരം നൽകും."** അതിന്റെ കാരണങ്ങൾ നൽകി, അവൻ പറഞ്ഞു, "ഫോർ" അല്ലെങ്കിൽ "കാരണം," എന്നു മൂന്നു പ്രാവശ്യം പറഞ്ഞു. വരുവാനിരിക്കുന്ന ന്യായവിധിക്കുശേഷം ഒരാൾക്ക് നിത്യ-ജിവൻ ലഭിക്കണമെങ്കിൽ അയാൾ തന്നെത്താൻ-ത്യജിക്കണം എന്നാണ് ഇവിടെ

അവൻ പറയുന്നത്. കർത്താവ് തന്റെ "മഹത്വത്തിൽ" ("രാജകിയ പ്രൗഢിയിൽ") വരുന്നത്, "തന്റെ ദൂതന്മാരുമൊത്താണ്" (25:31; 1 തെസ്സ 4:16; 2 തെസ്സ. 1:7). ആദ്യത്തേതുപോലെ ആയിരിക്കയില്ല തന്റെ രണ്ടാമത്തെ വരവ്. അവൻ മടങ്ങി വരുമ്പോൾ എല്ലാവരും അറിയും (വെളി. 1:7). അവൻ മനുഷ്യരെ ന്യായം വിധിക്കുവാനാണ് വരുന്നത്. ഓരോ വ്യക്തിക്കും അവനവന്റെ പ്രതിഫലം ലഭിക്കും. മനുഷ്യന്റെ "പ്രവൃത്തികൾ" ക്കനുസരിച്ചാണ് ആ ന്യായവിധി (റോമർ. 2:5-7; 2 കൊ. 5:10; 11:15; 1 പത്രൊ. 1:17; വെളി. 2:23; 20:12, 13; 22:12). ക്രിസ്തുവിന്റെ വചനപ്രകാരവും ആയിരിക്കും (12:36, 37), മറഞ്ഞിരിക്കുന്ന രഹസ്യങ്ങളും അന്നു വെളിപ്പെടും (സഭാ. 12:14). എല്ലാ ന്യായവിധിയും ക്രിസ്തുവിന്റെ വാക്കുകളനുസരിച്ചായിരിക്കും (യോഹ. 12:48).

## ചിലർ രാജ്യം കാണുമെന്ന് യേശു വാഗ്ദാനം ചെയ്തു (16:28)

**28"മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നിൽക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു."**

**വാക്യം 28. തന്റെ രാജ്യം** "ശക്തിയോടെ വരുന്നതു" കാണുന്നതുവരെ **ചിലർ** മരിക്കാതിരിക്കും എന്ന് യേശു തന്റെ അപ്പൊസ്തലന്മാരോട് പറഞ്ഞു (മർ. 9:1). തന്റെ പ്രാണൻ സ്വയമായി കളഞ്ഞ യൂദ ഒഴിച്ച് മറ്റെല്ലാ അപ്പൊസ്തലന്മാരും രാജ്യം വന്നപ്പോൾ സാക്ഷികളായിരുന്നു (പ്രവൃ. 1:15-2:4). മറ്റ് അപ്പൊസ്തലന്മാർ **മരണം ആസ്വദിച്ചത്** രാജ്യം (സഭ) ശക്തിയോടുകൂടെ വന്നതിനുശേഷമായിരുന്നു. മരണം അനുഭവിക്കുന്നതിനെ പറയുന്ന പ്രയോഗമാണ് "മരണം ആസ്വദിക്കൽ" (യോഹ. 8:52; എബ്രാ. 2:9). രാജ്യം ഇപ്പോൾ ഇവിടെ ഉണ്ടെന്ന് തിരുവെഴുത്തു വ്യക്തമായി പറയുന്നു (1 കോ. 15:24-28; കൊലൊ. 1:13; എബ്രാ. 12:28; വെളി. 1:9). "തന്റെ രാജ്യത്തിൽ വരും" എന്ന പ്രയോഗത്തിന്റെ അർത്ഥം, ക്രിസ്തീയ യുഗത്തിൽ, രാജാവായി തന്റെ വാഴ്ച്ച നടത്തും എന്നാണ് (പ്രവൃ. 2:33-36).[17]

വാക്യം 28 നെ കുറിച്ചുള്ള മറ്റു വ്യാഖ്യാനങ്ങൾ, യുക്തമോ സാധ്യമോ അല്ല. (1) അത് സൂചിപ്പിക്കുന്നത് അദ്ധ്യായം 17 ലെ മറുരൂപമാണ് എന്ന വാദം ഉയർന്നിട്ടുണ്ട്. എങ്ങനെയായാലും, അത് സംഭവിക്കുന്നത് പിന്നെയും ആറു ദിവസം കഴിഞ്ഞാണ് (17:1). അടങ്ങിയിരിക്കുന്ന സമയം നോക്കുമ്പോൾ അത്തരം സംഭവത്തിനു സാധ്യതയില്ല. മറുരൂപം രാജ്യ സ്ഥാപനത്തെ അടയാളമാക്കുന്നതല്ല, മറിച്ച് രാജ്യത്തിൽ അവന്റെ തേജസിൽ വരുമെന്ന വെളിപ്പെടുത്തലാണ് നൽകുന്നത് (യോഹ. 17:5).

(2) ഈ വാക്യം പറയുന്നത് ഒന്നുകിൽ എ. ഡി. 70 ലെ യെരുശലേം നാശത്തെക്കുറിച്ചാകാം, എന്നാൽ യെരുശലേമിന്റെ വീഴ്ച്ച ദൈവത്തിന്റെ ന്യായവിധിയെയാണ് കാണിക്കുന്നത്, അതിനെ ക്രിസ്തുവിന്റെ രാജ്യവുമായി താരതമ്യം ചെയ്യാവുന്നതല്ല. യെരുശലേമിന്റെ വീഴ്ച്ചക്ക് വളരെ വർഷങ്ങൾക്ക് മുമ്പ്തന്നെ രാജ്യം വന്നിരുന്നു (കൊലൊ. 1:13; വെളി. 1:6).

(3) അതും കൂടാതെ, ഈ വാക്യം ക്രിസ്തുവിന്റെ വീണ്ടും വരവിനെക്കുറിച്ചല്ല പറയുന്നത്. അത് സംഭവിക്കുന്നത് എപ്പോഴാണെന്ന് തനിക്കറിയില്ല

എന്നാണ് യേശു പറയുന്നത് (24:36; മർ. 13:32), എന്നാൽ ഈ വാക്യത്തിൽ തന്റെ അപ്പോസ്തലന്മാരുടെ കാലയളവിൽ രാജ്യം വരും എന്നാണ് പറഞ്ഞത്. ആയിരമാണ്ട് വാഴ്ച്ചക്കാർ പറയുന്നതിനു എതിരായി, യേശു വരുന്നത് രാജ്യം സ്ഥാപിക്കുന്നതിനു വേണ്ടിയല്ല. അവനത് തന്റെ ആരോഹണത്തിനു ശേഷം പെന്തെക്കോസ്തുനാളിൽ സ്ഥാപിച്ചു.

## പാഠങ്ങൾ

### നഷ്ടപ്പെടുത്തിയതും കണ്ടെത്തിയതും (16:24-27)

താഴ്മയുടെ പ്രാധാന്യം യേശു പഠിപ്പിച്ചു (23:11; ലൂക്കൊ. 14:11; 18:14). ഫലത്തിൽ, അവൻ പറഞ്ഞു, “നിന്റെ മനസിൽ നിന്ന് നിന്നെ മാറ്റുകയും, നിന്നെത്തന്നെ നിന്റെ മനസിൽ നിന്ന് മാറ്റുകയും ചെയ്യുക.” നഷ്ടപ്പെടുവാൻ ഇടയുള്ള ചില കാര്യങ്ങൾ എന്തെല്ലാമാണ്?

1. *സ്വാർത്ഥത.* സ്വർത്ഥതയുള്ള ആളുകൾ അപക്വതയുള്ളവരാണ്. യേശു പഠിപ്പിച്ചത് സ്വയം-ത്യജിക്കലാണ്.

2. *സ്വയ-കേന്ദ്രീകൃതാവസ്ഥ.* ഏദെൻതോട്ടത്തിൽ ആദാമിനും ഹൗവ്വക്കും സംഭവിച്ചത്, അവർ തന്നെ തങ്ങളുടെ ദൈവമാകുവാൻ ആഗ്രഹിച്ചു എന്നതാണ്. നിഗളമാണ് പ്രശ്നം.

3. *സ്വയം-സചേതനമായ അവസ്ഥ.* ലോകം നമ്മെ പഠിപ്പിക്കുന്നത്, “നിന്നെ അറിയുക.” ചിലർ പഠിപ്പിക്കുന്നത് “നിന്റെ തന്നെ വ്യക്തിത്വമാണ് ശരി” എന്നാണ്.

അതിന് വിപരീതമായി സ്വാർത്ഥതയെകുറിച്ച് മൂന്ന് തത്വങ്ങളാണ് ബൈബിൾ പഠിപ്പിക്കുന്നത്: നാം നമ്മെത്തന്നെ നീക്കം ചെയ്യുക, നമ്മെ നഷ്ടമാക്കുവാൻ, നമ്മെ തള്ളിക്കളയുക.

### ഒരാളുടെ ജീവനെ കളയൽ (16:25)

ഒരാൾ ക്രിസ്തുവിന്റെ നാമം നിമിത്തം, ആവശ്യമെങ്കിൽ തന്റെ ജീവനെ കളയുവാൻ തയ്യാറായാൽ, ക്രൂശ് എടുക്കുക എന്ന് പറഞ്ഞാൽ, കർത്താവിന്റെ വേലക്കായി ലോകത്തിൽ അതിനെ നഷ്ടമാക്കുക എന്നാണ് അർത്ഥം. അതിൽ നഷ്ടപ്പെട്ടവരെ അന്വേഷിക്കലും, രക്ഷിക്കപ്പെട്ടവരെ അങ്ങനെ തന്നെ സൂക്ഷിക്കുന്നതും, തെറ്റിപ്പോയവരെ യഥാസ്ഥാനപ്പെടുത്തുന്നതും ഉൾപ്പെടുന്നു. അതിനർത്ഥം “ശുദ്ധവും നിർമ്മലവുമായ ഭക്തിയും” എന്നത് “അനാഥരേയും വിധവമാരേയും അവരുടെ സങ്കടങ്ങളിൽ” ചെന്നു കാണുന്നതും “ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം സുക്ഷിക്കുന്നതും” അതിൽ പെടുന്നു (യാക്കൊ. 1:27). അത്തരം സമർപ്പിക്കപ്പെട്ട ജീവിതത്തിന്റെ ഫലമാണ് നിത്യജീവൻ.

### രക്ഷിക്കപ്പെടുവാനുള്ള ആഗ്രഹം (16:26)

നമുക്കു സംഭവിക്കുവാനുള്ള ഏറ്റവും വലിയ അപകടകരമായ കാര്യം എന്താണ്? ജോലി നഷ്ടപ്പെടുന്നതാണോ? പ്രിയപ്പെട്ടവരുടെ നഷ്ടമാണോ? ആരോഗ്യം നഷ്ടപ്പെടുന്നതാണോ? വാസ്തവത്തിൽ, അവയൊന്നുമല്ല. മത്തായി 16:26-ൽ യേശു അതിന്റെ ഉത്തരം നൽകിയിരിക്കുന്നു. ഒരാളുടെ ജീവിതത്തിലെ ഏറ്റവും അപകടകരമായ ഒന്ന് ആത്മാവിന്റെ നഷ്ടമാണ്. ആരും നഷ്ടപ്പെട്ടു പോകരുത്; രക്ഷക്കുള്ള എല്ലാ മാർഗ്ഗവും ദൈവം ഒരു

ക്കിയിരിക്കുന്നു. ആരെങ്കിലും നഷ്ടമായാൽ, അതിന് ദൈവത്തെ പഴിക്കാവുന്നതല്ല (റോമർ 2:1).

രക്ഷക്ക് ഔതികമായ സമ്പാദ്യങ്ങളോ വിദ്യാഭ്യാസമോ, അല്ലെങ്കിൽ പ്രസിദ്ധിയോ ആവശ്യമില്ല. ഒരു വ്യക്തി സുവിശേഷം അനുസരിക്കുവാൻ വേണ്ടത് ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള ആഗ്രഹവും, തനിക്ക് രക്ഷ വേണമെന്ന് സത്യസന്ധമായി വിലയിരുത്തി ദൈവ കല്പനകൾ അനുസരിക്കുവാനുള്ള മനസുമാണ്.

---

കുറിപ്പുകൾ

[1]ക്രെയ്ഗ് എസ്. കീനർ, *എ കമന്ററി ഓൺ ദ ഗോസ്പൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൺസ് പബ്ലിഷിങ് കമ്പനി., 1999), 421. [2]വില്യം ഹെൻട്രിക്സൺ, *ന്യൂടെസ്റ്റമെന്റ് കമന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോഡിങ് റ്റു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്ഹൗസ് 1973), 654. [3]മത്താ. 12:40; 16:21; 17:23; 20:19; 26:61; 27:40, 63, 64; മർ. 8:31; 9:31; 10:34; 14:58; 15:29; ലൂക്കൊ. 9:22; 13:32; 18:33; 24:7; 21, 46; യോഹ. 2:19; പ്രവൃ. 10:40; 1 കൊ. 15:4. [4]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമന്ററി, വാല്യം. 1, മാത്യു, മാർക്ക്, ലൂക്ക്,* എഡി. ക്ലിന്റൺ ഇ. ആർനോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 104. [5]ഡഗ്ലസ് ആർ. എ. ഹെയർ, *മാത്യു,* ഇന്റർപ്രെട്ടേഷൻ (ലൂയിസ്‌വിലേ: ജോൺ നോക്സ് പ്രസ്, 1993), 194. [6]ഹെൻഡ്രിക്സൺ 655. [7]ഡബ്ലിയു. എഫ്. ആൾബ്രൈറ്റും സി. എസ്. മാനും, *മാത്യു*, ദി ആങ്കർ ബൈബിൾ (ഗാർഡൻ സിറ്റി, എൻ. വൈ.: ഡബിൾഡേ ആന്റ് കമ്പനി., 1971), 200. [8]ഹെയർ, 194. [9]ജാക്ക് പി. ലേവിസ്, *എ കമന്ററി ഓൺ ദ ഗോസ്പൽ എക്കോഡിങ് റ്റു മാത്യു,* പാർട്ട് 2, ദ ലിവിങ് വേഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 41–42. [10]പ്ലൂറ്റാർക്ക് *മൊറാലിയ* 554 ബി.

[11]പ്രാരംഭ പാരമ്പര്യത്തിൽ പത്രോസിന്റെ രക്ത സാക്ഷിത്വത്തെ പറയുന്നു, എന്നാൽ ഏത് വിധത്തിലാണ് തൂക്കിക്കൊന്നത് എന്ന് പറയുന്നില്ല (*1 ക്ലമന്റ്* 5.4). പിന്നീടുള്ള രേഖകൾ പറയുന്നത് അവനെ തലകീഴായി തൂക്കി എന്നാണ് (യൂസേബിയസ് *എക്ലേഷിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.1; *പത്രോസിന്റെ പ്രവൃത്തികൾ* 37–39). എന്നാൽ പാരമ്പര്യത്തിന്റെ കൃത്യത വാദിക്കപ്പെട്ടിട്ടുണ്ട്, തലകീഴായി ക്രൂശിൽ തറക്കുന്ന സമ്പ്രദായം അതിനു മുമ്പ് ഉണ്ടായിരുന്നില്ല (സെനേക്കാ *കൺസൊലേഷൻ റ്റു മാർഷ്യ* 20). [12]ഒറ്റിക്കൊടുത്ത യൂദയെ ഒഴിച്ച് മറ്റുള്ളവരെയാണ് ആ പ്രസ്താവനയിൽ പറയുന്നതു. [13]യെഹൂദ എഴുത്തുകളിലെ അതേ ചിന്തകൾക്ക് നോക്കുക 1 *ഏനോക്ക്* 108.10; 2 *ബാരൂക്ക്* 51.15, 16; മിഷ്ണ *അബോത്ത്* 4.17; താൽമൂദ് *താമിദ്* 32 എ. [14]റോബർട്ട് എച്ച്. ഗൺഡ്രി, *മാത്യു: എ കമെന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി, 1982), 340. [15]ജെ. ഡബ്ലിയു. മെക്ക്ഗാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമന്ററി, വാല്യം.1, മാത്യു ആന്റ് മാർക്ക്* (എൻ. പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 148. [16]ലേവിസ്, *മാത്യു*, 42. [17]മെക്ക്ഗാർവേ, 149.